

# പൗരാവകാശ രേഖ

## മത്സ്യബന്ധന വകുപ്പ്



കേരള സർക്കാർ
ഫിഷറീസ് ഡയറക്ടറേറ്റ്
തിരുവനന്തപുരം

## മത്സ്യബന്ധന വകുപ്പ്

# പൗരാവകാശ രേഖ


**കേരള സർക്കാർ**
**ഫിഷറീസ് ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ (പി.എസ്) വകുപ്പ് - പൗരാവകാശ രേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (പി.എസ്) വകുപ്പ്**

സർക്കാർ ഉത്തരവ് (പി) നം. 99/11/മ.തു.വ — തിരുവനന്തപുരം, തീയതി - 22/12/2011

---

പരാമർശം -
1. സർക്കാരിന്റെ നൂറ്ദിന കർമ്മ പരിപാടികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ 04-06-.2011 - ലെ 3544 (04) വി.ഐ.പി./11/സി.എസ്.ഒ. നം. കുറിപ്പ്.
2. മത്സ്യബന്ധന ഡയറക്ടറുടെ 11-11-2011 തീയതിയിലെ എച്ച് 3 - 12563/09/ഡി.എഫ് നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ എത്തുന്ന എല്ലാ പൗരന്മാർക്കും സമയബന്ധിത സേവനം ലഭ്യമാക്കുന്നതിനുവേണ്ടി മത്സ്യബന്ധന വകുപ്പിനെ സംബന്ധിച്ച, ഇതോടൊപ്പം ചേർത്തിട്ടുള്ള പൗരാവകാശ രേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**

**പി.കെ. മൊഹന്തി**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
നിയമസഭാ സെക്രട്ടേറിയറ്റ്
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം
ഡി.ഡി.. II, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്
(ഗവൺമെന്റ് വെബ്സൈറ്റിൽ അപ്ഡേറ്റുചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- ബഹു: മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രിയുടെ പി.എസിന്

## പൗരാവകാശ രേഖ

### I. ആമുഖം

കേരളത്തിന്റെ സമ്പദ്ഘടനയിൽ സുപ്രധാന പങ്ക് വഹിക്കുന്ന ഒരു മേഖലയാണ് മത്സ്യ മേഖല. സംസ്ഥാനത്തിന്റെ കടൽ ഉൾനാടൻ മത്സ്യമേഖല, വിഭവ സംരക്ഷണ-പരിപാലന നടപടികൾ ഫലപ്രദമായി നടപ്പാക്കുക, കേരള കടൽ മത്സ്യ ബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കുക, കടൽ, കായൽ, ജലാശയങ്ങൾ, ജലസംഭരണികൾ എന്നിവിടങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക, മത്സ്യസമ്പത്തിനും പരിസ്ഥിതിയ്ക്കും ഹാനികരമാകുന്ന മത്സ്യബന്ധന രീതികൾ തടയുക, മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും ആവശ്യമായ പദ്ധതികൾ നടപ്പാക്കുക, നൂതന സാങ്കേതിക വിദ്യകൾ മത്സ്യബന്ധന മേഖലയിൽ നടപ്പിലാക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമത്തിനും സർവ്വതോന്മുഖമായ പുരോഗതിക്കും ആവശ്യമായ സാമൂഹിക സാമ്പത്തിക പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക തുടങ്ങിയവയാണ് മത്സ്യബന്ധന വകുപ്പിന്റെ പൊതുവായ ചുമതലകൾ

#### വീക്ഷണം

സുസ്ഥിര മത്സ്യോല്പാദനത്തിലൂടെ ഭക്ഷ്യസുരക്ഷയും സാമ്പത്തിക മേന്മയും ഉറപ്പാക്കുക, മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി പ്രവർത്തിക്കുക

#### ദൗത്യം

മത്സ്യവിഭവങ്ങൾ സംരക്ഷിക്കുക, അവയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുക, അംഗീകൃത മത്സ്യബന്ധനരീതികൾ നടപ്പാക്കുക, മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗങ്ങൾ ആവിഷ്കരിക്കുക, അവരുടെ സാമൂഹിക-സാമ്പത്തിക പരിരക്ഷ ഉറപ്പാക്കുക, ക്ഷേമപ്രവർത്തനങ്ങൾ ശാക്തീകരിക്കുക, മത്സ്യബന്ധനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുക, മത്സ്യവിപണനശൃംഖല മെച്ചപ്പെടുത്തുക എന്നിവയാണ് ദൗത്യം .

#### ലക്ഷ്യങ്ങൾ

1. മത്സ്യവിഭവ സംരക്ഷണവും പരിപാലനവും
2. നവീകരിച്ച സാങ്കേതിക വിദ്യകളുടെയും മാർഗ്ഗങ്ങളുടെയും പിൻബലത്തോടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക
3. മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷയും കടൽരക്ഷാപ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്താൻ നടപടികൾ
4. ഉപജീവനമാർഗ്ഗങ്ങൾക്ക് കൂടുതൽ അവസരങ്ങളും അവ മെച്ചപ്പെടുത്താനായി അടിസ്ഥാന സൗകര്യവികസനവും
5. മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക-സാമ്പത്തിക ഭദ്രത ഉറപ്പാക്കുക
6. മത്സ്യത്തൊഴിലാളിസമൂഹത്തിന് സാമൂഹികസുരക്ഷയും ക്ഷേമപ്രവർത്തനങ്ങളിലൂടെ കൂടുതൽ ആശ്വാസവും നൽകുക
7. മത്സ്യബന്ധനവിപണന രംഗങ്ങൾ പുതിയ സാങ്കേതിക വിദ്യകളുടെ പിൻബലത്തോടെ ഗുണമേന്മ ഉറപ്പാക്കാൻ നടപടികൾ
8. നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി മത്സ്യമൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും അവയുടെ വാണിജ്യശൃംഖല വിപുലപ്പെടുത്തലും
9. മത്സ്യ-മത്സ്യോല്പന്നങ്ങൾ ശുചിത്വമുള്ള ചുറ്റുപാടിൽ കൈകാര്യം ചെയ്യുന്നതിനും ഗുണമേന്മയോടെ വിപണനം ചെയ്യുന്നതിനും നടപടികൾ
10. മത്സ്യസഹകരണസംഘങ്ങളിലൂടെ വിപണനശൃംഗല ശക്തിപ്പെടുത്താൻ നടപടികൾ
11. മത്സ്യമേഖലയ്ക്ക് കൂടുതൽ ഫലപ്രദമാകുന്ന തരത്തിൽ വകുപ്പിന്റെ പുനഃർവിന്യാസം
12. മത്സ്യവകുപ്പിന്റെ സേവനങ്ങളുടെ വ്യാപനം ത്വരിതപ്പെടുത്താനും ഊർജ്ജിതപ്പെടുത്താനും നടപടികൾ
13. വികസനസാധ്യതകൾ വിലയിരുത്തി ആസൂത്രിത വികസനപരിപാടികൾ നടപ്പാക്കുന്നതിന് ഫിഷറീസ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം.

### II. ഉദ്ദേശ്യം

മത്സ്യബന്ധന വകുപ്പിന്റെ രൂപീകരണം, ഈ വകുപ്പിനെ ഭരണ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നിയമങ്ങളുടെയും ഉദ്ദേശങ്ങളുടെയും, ലക്ഷ്യങ്ങളുടെയും പൂർത്തീകരണത്തിനുവേ ിയാണ് . മത്സ്യബന്ധന മേഖലയിലെ നാനാ വിധത്തിലുള്ള ഗുണഭോക്താക്കൾക്ക് വിവിധതരത്തിലുള്ള സേവനങ്ങൾ കാര്യക്ഷമതയോടെയും, കൃത്യനിഷ്ടയോടെയും എത്തിച്ചു കൊടുക്കുന്നതിനുവേ ി വിവിധ ഏജൻസികൾ / സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിച്ചുവരുന്നു. അവയുടെ പട്ടിക താഴെ കൊടുക്കുന്നു.

1. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്.
2. മത്സ്യഫെഡ്
3. സാഫ്.
4. അഡാക്ക്
5. ഫിർമ
6. പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (റ്റീപ്പ്)
7. കോസ്റ്റൽ ഏരിയ വികസന കോർപ്പറേഷൻ
8. എഫ്. എഫ്. ഡി. എ. കൾ

9. മറൈൻ എൻഫോഴ്സ്മെന്റ്
10. കടാശ്വാസ കമ്മീഷൻ

## III. പ്രതിബദ്ധത

സുസ്ഥിര മത്സ്യവിഭവ ഉത്പാദനത്തിനും വർദ്ധനവിനും, പരിപാലനത്തിനും സുസ്ഥിര ജലകൃഷി വികസനത്തിനും മത്സ്യത്തൊഴിലാളി ക്ഷേമത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും മത്സ്യമേഖലാ നിയന്ത്രണ നിയമങ്ങൾ നടപ്പാക്കുന്നതിനും മത്സ്യബന്ധന വകുപ്പിൽ അർപ്പിക്കപ്പെട്ടിട്ടുള്ള കടമകൾ അർപ്പണബോധത്തോടും, സാമൂഹ്യ പ്രതിബദ്ധതയോടും കൂടി നിർവ്വഹിക്കുമെന്ന് മത്സ്യബന്ധന വകുപ്പ് ഈ പൗരാവകാശ രേഖയിൽ ഉറപ്പുനൽകുന്നു. വകുപ്പിന്റെ കർത്തവ്യങ്ങൾ സുതാര്യമായും, കാര്യക്ഷമമായും, ജനസൗഹൃദപരമായും നിർവ്വഹിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

1. നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുനൽകുന്നു.
2. ഗുണഭോക്താക്കളുടെ ആവശ്യം ക റിഞ്ഞ് അടിസ്ഥാന വികസന പദ്ധതികൾക്ക് രൂപം നൽകുന്നതാണ്.
3. ജനസൗഹൃദപരമായ അന്തരീക്ഷം ഓഫീസുകളിൽ ഉറപ്പുവരുത്തുന്നതാണ്.
4. വകുപ്പിലെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും ഇ-ഗവേണൻസ് നടപ്പിലാക്കുകയും ചെയ്തിട്ടു ്.
5. എല്ലാ ഓഫീസുകളിലും സേവന കൗ ർ സ്ഥാപിച്ച് ജനങ്ങളെ സഹായിക്കുന്നതാണ്.
6. വകുപ്പിലെ എല്ലാ ഓഫീസുകളിലും ജീവനക്കാർ തിരിച്ചറിയൽ കാർഡ് ധരിച്ച് ജോലിയ്ക്ക് ഹാജരാകണമെന്ന് നിഷ്കർഷിക്കും.
7. വകുപ്പുവഴി മത്സ്യത്തൊഴിലാളി /അനുബന്ധത്തൊഴിലാളികൾക്ക് നൽകുന്ന എല്ലാ സേവനങ്ങളെയും വകുപ്പിന്റെ വെബ് പോർട്ടൽ വഴി പ്രസിദ്ധീകരിക്കുകയും കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്യും. എല്ലാ ഫോറങ്ങളും വെബ് പോർട്ടലിലൂടെ ലഭ്യമാക്കുന്നതാണ്.
8. പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഏറ്റവും സുതാര്യമായും അർഹത പ്രകാരവും നടത്തും.
9. കടൽ മത്സ്യബന്ധനത്തൊഴിലാളികൾക്ക് അവരുടെ യാനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയാൽ നിർമ്മിക്കപ്പെട്ട ജീവൻ രക്ഷാ ഉപകരണങ്ങൾ നൽകും.
10. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പു നൽകുന്ന ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനം മത്സ്യത്തൊഴിലാളികളിൽ എത്തിക്കും.
11. മത്സ്യവിജ്ഞാന വ്യാപന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും കാലാവസ്ഥാ വ്യതിയാനങ്ങൾ ഉ ാക്കുന്ന പ്രകൃതിയിലെ മാറ്റം, അപകട സാദ്ധ്യത തുടങ്ങിയവ ഡിസ്പ്ലേ ബോർഡുവഴിയും, അനൗൺസ്മെന്റ് മുഖേനയും മത്സ്യത്തൊഴിലാളികളിലെത്തിയ്ക്കും.
12. മൊബൈൽ ഫോണിൽ എസ്. എം. എസ്. സംവിധാനത്തിലൂടെ അപകട സാദ്ധ്യതകളെക്കുറിച്ച് മുന്നറിയിപ്പ് നൽകും.
13. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്ക് ബഹുമുഖ ഉപയോഗത്തിനായുള്ള ഡിജിറ്റൽ കാർഡുകൾ വിതരണം ചെയ്യും.
14. പഞ്ഞ മാസങ്ങളിലും പ്രകൃതി ദുരന്ത സമയങ്ങളിലും 'സൗജന്യ റേഷൻ' നൽകും.
15. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം കാലതാമസം കൂടാതെ നൽകും.
16. അർഹരായ എല്ലാ മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ കാലതാമസം കൂടാതെ വർഷം തോറും പ്രസിദ്ധീകരിക്കും.

## IV. ഭരണ നിർവ്വഹണം / ഓഫീസ് ഘടന

### എ. മത്സ്യബന്ധന വകുപ്പ്

ഫിഷറീസ് ഡയറക്ടറാണ് മത്സ്യബന്ധന വകുപ്പിന്റെ തലവൻ. സാങ്കേതിക കാര്യങ്ങളിൽ ഡയറക്ടറെ സഹായിയ്ക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു അഡിഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (ഹെഡ്ക്വാർട്ടേഴ്സ്), ജോയിന്റ് ഡയറക്ടർ (മത്സ്യകേരളം) ഡെപ്യൂട്ടി ഡയറക്ടർ (പി. എം. ഇ), ഡെപ്യൂട്ടി ഡയറക്ടർ (ഇൻലാന്റ്), ഡെപ്യൂട്ടി ഡയറക്ടർ (മറൈൻ), ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ് 1 & 2) റിസർച്ച് ഓഫീസർ എന്നിവരും പ്രവർത്തിക്കുന്നു. സഹകരണസംഘങ്ങളുടെയും മത്സ്യഫെഡിന്റെ പൊതുവായ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി ഒരു ഡെപ്യൂട്ടി രജിസ്ട്രാറും പ്രവർത്തിക്കുന്നു. കൂടാതെ ഭരണ നിർവ്വഹണം സുഗമമാക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരും നിയമകാര്യങ്ങളിൽ ഡയറക്ടറെ ഉപദേശിക്കുന്നതിനായി ഒരു ലാ ഓഫീസറും ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കടൽ രക്ഷാ പ്രവർത്തനങ്ങൾ, സുരക്ഷാ നടപടികൾ തുടങ്ങിയവ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനായി മറൈൻ എൻഫോഴ്സ്മെന്റ് പോലീസ് സൂപ്ര ്, ചീഫ് ഗാർഡ്, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരും പ്രവർത്തിക്കുന്നു.

മേഖലാതലത്തിൽ (ദക്ഷിണ, മദ്ധ്യ, ഉത്തര മേഖലകൾ) മൂന്ന് ജോയിന്റ് ഡയറക്ടർമാർ, തിരുവനന്തപുരം, കൊല്ലം ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഡെപ്യൂട്ടി ഡയറക്ടർമാർ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട് ജില്ലകളിൽ അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിലാണ് മത്സ്യബന്ധന വകുപ്പിന്റെ ഭരണ നിർവ്വഹണം നടത്തപ്പെടുന്നത്.

### ബി. ഏജൻസികൾ

#### 1.മത്സ്യഫെഡ്

കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ (മത്സ്യഫെഡ്) 1969-ലെ കേരള സംസ്ഥാന സഹകരണ നിയമത്തിൻ കീഴിൽ രജിസ്റ്റർചെയ്യപ്പെട്ട ഒരു സഹകരണ സംഘമാണ്. ഇതിന്റെ രജിസ്ട്രേഡ് ഓഫീസ് തിരുവനന്തപുരവും, പ്രവർത്തന മണ്ഡലം കേരള സംസ്ഥാനം മുഴുവൻ വ്യാപിച്ചുമിരിയ്ക്കുന്നു.

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊ ് മത്സ്യ ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം മുതലായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വേ ി 1984 മാർച്ച് മാസം 19-ാം തീയതി രൂപീകൃതമായ ഒരു സഹകരണ ഫെഡറേഷനാണ് മത്സ്യഫെഡ്. മത്സ്യമേഖലയിലെ 653 പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ അപ്പക്സ് ബോഡിയായി പ്രവർത്തിക്കുന്നു. അഫിലിയേറ്റു ചെയ്ത 653 പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ 340 എണ്ണം തീരദേശ മേഖലയിലും 182 എണ്ണം ഉൾനാടൻ മേഖലയിലും 131 എണ്ണം വനിതാ സഹകരണ സംഘങ്ങളുമാണ്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, കോട്ടയം ജില്ലകളിൽ ഡിസ്ട്രിക് മാനേജർമാരുടെ നിയന്ത്രണത്തിൽ ജില്ലാ ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു.

**2. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്**

1980 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്റ്റ്, 1985 ലെയും 1999 ലെയും (ഭേദഗതി ആക്റ്റിലെ) മത്സ്യ ത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് ,1986 ലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി, 1999 ലെ അനുബന്ധത്തൊഴിലാളി പദ്ധതി എന്നിവയിലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ (മത്സ്യ ബോർഡ്) പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും, പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതും. മത്സ്യബോർഡിലെ ഫിഷറീസ് ആഫീസർമാർ തയ്യാറാക്കുന്ന മത്സ്യത്തൊഴിലാളി /അനുബന്ധത്തൊഴിലാളി പട്ടികയിൽ പേരുള്ളവരും വിഹിതമടച്ച് അംഗത്വം സ്വീകരിച്ചിട്ടുള്ളവരുമായ മത്സ്യത്തൊഴിലാളികൾക്കാണ് ക്ഷേമ പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകുന്നത്.

മത്സ്യത്തൊഴിലാളി ക്ഷേമ കമ്മീഷണറാണ് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ്. കമ്മീഷണറെ സഹായിക്കുന്നതി നായി ജോയിന്റ് കമ്മീഷണറും, ഫിനാൻസ് ഓഫീസറും ഉ ്. ഇതിന്റെ ആസ്ഥാനം തൃശ്ശൂരിൽ, പൂങ്കുളത്ത് അയ്യപ്പ നഗറി ലാണ്. കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ റീജിയണൽ എക്സി ക്യൂട്ടീവിന്റെ നേതൃത്വത്തിൽ അഞ്ച് റീജിയണൽ ഓഫീസുകളും അവരുടെ അധീനതയിൽ 54 ഫിഷറീസ് ആഫീസറന്മാരും പ്രവർത്തിക്കുന്നു.

**3. ഏജൻസി ഫോർ ഡവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള. (അഡാക്ക്)**

അഡാക്കിന്റെ ഹെഡ് ഓഫീസ് തിരുവനന്തപുരത്ത് വഴുതക്കാട്, മിൻചിൻ റോഡിൽ റ്റി. സി. 15/1494 -ാം നമ്പർ കെട്ടി ടത്തിൽ പ്രവർത്തിച്ചുവരുന്നു. വിവിധ ജില്ലകളിലെ ജലകൃഷി വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി ആലപ്പുഴ എറ ണാകുളം ജില്ലകളിലായി ര ് മേഖലാ ഓഫീസുകൾ റീജിയണൽ എക്സിക്യൂട്ടീവുകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരു ന്നു.

**4. സൊസൈറ്റി ഫോർ അസിസ്റ്റൻസ് റ്റു ഫിഷർ വുമൻ (സാഫ്)**

ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതും ഉന്നത കാര്യദർശിയും എക്സിക്യൂട്ടീവ് ഡയറക്ടറാണ്. 14 ജില്ലകളിലും ഫിഷറീസ് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരായ നോഡൽ ഓഫീസർമാരുടെ നേതൃത്വത്തിൽ പദ്ധതികൾ നടപ്പാക്കുന്നു. അതിന് താഴെയായി ഫീൽഡ്തല ഓഫീസർമാരും, മിഷൻ കോ-ഓർഡിനേറ്റർമാരും, മോട്ടിവേറ്റർമാരും പ്രോജക്ടിന്റെ നടത്തി പ്പിനായി പ്രവർത്തിക്കുന്നു. സാഫിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് എറണാകുളം ജില്ലയിൽ കിഴക്കേ കടുങ്ങല്ലൂരിലുള്ള ഫിഷറീസ് ട്രെയിനിംഗ് (നിഫാം) സെന്ററിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

**5. സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ)**

1955 ലെ തിരുവിതാംകൂർ കൊച്ചി ലിറ്റററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 1997 ൽ രജി സ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘമാണ് സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി. മത്സ്യമേഖലയുടെ വിക സനത്തിനുതകുന്നതും മത്സ്യസമ്പത്തിന്റെ സംരക്ഷക്ഷണത്തിനുതകുന്നതുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക. വിദേശ-കേന്ദ്ര സംസ്ഥാന തലത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണത്തിനും വിലയിരുത്ത ലിനുമായി ആവശ്യമായ വിവരശേഖരണം നടത്തുക എന്നതാണ് ഫിർമയുടെ മുഖ്യലക്ഷ്യം.

**6. തീരദേശ വികസന കോർപ്പറേഷൻ**

തീരദേശ വികസനത്തിന് ഊന്നൽ നൽകി മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തു ന്നതിന് നം. 46/2004/എഫ്.&പി. ഡി. തീയതി 14/12/04 എന്ന സർക്കാർ ഉത്തരവിലൂടെ തീരദേശ വികസന ഏജൻസി (സി. ഡി. എ.) രൂപീകരിച്ചു.

എന്നാൽ തീരദേശ വികസന ഏജൻസിക്ക് വിവിധ സ്രോതസ്സുകളിൽ നിന്നും വിഭവ സമാഹരണം എളുപ്പമായിരിക്കു മെന്നതിനാൽ തീരദേശ വികസന ഏജൻസി തീരദേശ വികസന കോർപ്പറേഷൻ ആയി പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചു. അതനുസരിച്ച് ജി.ഒ. (എം. എസ്.) നം. 35/08/എഫ്&പി. ഡി. തീയതി 9/6/08 സർക്കാർ ഉത്തരവുമുഖേന തീരദേശ വികസന ഏജൻസി, തീരദേശ വികസന കോർപ്പറേഷൻ എന്നപേരിൽ പുന:സംഘടിപ്പിക്കപ്പെട്ടു.

**7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ & മാനേജ്മെന്റ് (നിഫാം)**

ഫിഷറീസ് വകുപ്പിലെ ജീവനക്കാർക്ക് ദേശീയ അന്തർ ദേശീയ നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതി നായി ആലുവ - കിഴക്കേ കടുങ്ങല്ലൂരിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് നിഫാം.

**8. എഫ്. എഫ്. ഡി. എ. കൾ (ശുദ്ധജല മത്സ്യകൃഷി വികസന ഏജൻസികൾ)**

സാധാരണ കൃഷിക്കാർ/മത്സ്യത്തൊഴിലാളികൾ എന്നിവരിൽ നിന്നും മത്സ്യകൃഷിക്ക് സന്നദ്ധരായ ഒരു കൂട്ടം കർഷ കരെ സജ്ജരാക്കുക എന്നത് എഫ്. എഫ്. ഡി. എ. കളുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. മത്സ്യകർഷകർക്ക് എഫ്. എഫ്. ഡി. എ. വഴി സഹായങ്ങൾ നൽകുന്നു. നിലവിൽ 14 ജില്ലകളിലും എഫ്. എഫ്. ഡി. എ. കൾ രൂപീകരിച്ചിട്ടു ്.

**10. ഹാച്ചറികൾ (മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങൾ)**

രോഗവിമുക്തമായതും ഗുണമേന്മയുള്ളതുമായ മത്സ്യ/കൊഞ്ച്/ചെമ്മീൻ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനും മത്സ്യകർഷകർക്ക് ആവശ്യാനുസരണം നൽകുന്നതിനുമായിട്ടാണ് ഹാച്ചറികൾ സ്ഥാപിച്ചിട്ടുള്ളത്.

വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഏഴ് ഹാച്ചറികൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. അവയുടെ വിശദാംശ ങ്ങൾ താഴെ കൊടുക്കുന്നു.

1. ഫിഷ് സീഡ് ഫാം, നെയ്യാർഡാം, തിരുവനന്തപുരം

2. ഷ്രിംപ് ഹാച്ചറി, നീ കര, കൊല്ലം

3. ഫിഷറീസ് കോംപ്ലക്സ് പന്നിവേലിച്ചിറ, പത്തനംതിട്ട

4. നാഷണൽ ഫിഷ് സീഡ് ഫാം, പോളച്ചിറ, പത്തനംതിട്ട

5. മോഡൽ ഫിഷ് ഫാം, പള്ളം, കോട്ടയം

6. റീജിയണൽ ഷ്രിംപ് ഹാച്ചറി, അഴീക്കോട്

7. നാഷണൽ ഫിഷ് സീഡ് ഫാം, മലമ്പുഴ, പാലക്കാട്

## V. ഓഫീസ് സമയം

മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് രാവിലെ 10.15 മുതൽ പ്രവർത്തനം ആരംഭിക്കുന്ന ഓഫീസുകളിൽ വൈകുന്നേരം 5.15 വരെയും മറ്റുള്ള സ്ഥലങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയും പ്രവർത്തിക്കുന്നതാണ്. ഉച്ചയ്ക്ക് 1.15 മണി മുതൽ 2 മണിവരെ ഇടവേളയായിരിക്കും.

## VI. ലഭ്യമാകുന്ന സേവനങ്ങൾ

### 1. മത്സ്യബന്ധനവകുപ്പു ഡയറക്ടറുടെ കാര്യാലയം

1. മത്സ്യമേഖലയിലെ വിവിധ നിയന്ത്രണ നിയമങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള മേൽ നോട്ടം.
2. കടൽ മത്സ്യസമ്പത്തിന്റെ വർദ്ധനവിനായുള്ള പദ്ധതികൾ ആവിഷ്കരിക്കലും, നടപ്പാക്കുന്നതിനുള്ള മേൽ നോട്ടവും.
3. ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിനുള്ള മേൽ നോട്ടം.
4. കടൽ മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ മേൽ നോട്ടം.
5. ഉൾനാടൻ മത്സ്യസമ്പത്തിന്റെ വർദ്ധനവിനായുള്ള കേന്ദ്ര സംസ്ഥാന പദ്ധതികളുടെ നടത്തിപ്പിന്റെ മേൽനോട്ടം.
6. മത്സ്യകേരളം പദ്ധതിയുടെ നടത്തിപ്പിന്റെ മേൽ നോട്ടം.
7. 'രാഷ്ട്രീയ കൃഷി വികാസ് യോജന', വിദർഭ പാക്കേജ് 'പ്രത്യേക പദ്ധതി' തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ മേൽ നോട്ടം
8. കടൽത്തീര സുരക്ഷ ഉറപ്പാക്കൽ.
9. മത്സ്യ സഹകരണ സംഘങ്ങളുടെ ഭരണ നിർവ്വഹണ മേൽനോട്ടം വഹിക്കൽ.
10. മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും, സാമ്പത്തികവും ആരോഗ്യപരവുമായ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ മേൽനോട്ടം.

### 2. സോണൽ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

1. മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ നൽകൽ.
2. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ഭരണ നിർവ്വഹണം സംബന്ധിച്ച മേൽനോട്ടം വഹിക്കൽ.
3. സുനാമി അടിയന്തിര സഹായ പദ്ധതി , സുനാമി പുനരധിവാസ പദ്ധതി തുടങ്ങിയവയുടെ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കൽ.
4. സോണൽ ഫിഷറീസ് ജോയിന്റ് ഡയറക്ടറിന്റെ അധീനതയിൽ വരുന്ന ജില്ലകളിലെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള മേൽ നോട്ടം.

### 3. ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

മത്സ്യബന്ധന വകുപ്പിൽ ആകെ 11 ഡെപ്യൂട്ടി ഡയറക്ടർമാരുടെ ജില്ലാതല കാര്യാലയങ്ങളും 3 അസിസ്റ്റന്റ് ഡയറക്ടർമാരുടെ ജില്ലാതല കാര്യാലയങ്ങളും പ്രവർത്തിച്ചുവരുന്നു. 11 ഡെപ്യൂട്ടി ഡയറക്ടർമാരിൽ 9 പേർ മറൈൻ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും 2 ഡെപ്യൂട്ടി ഡയറക്ടർ ഇൻലാന്റ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുമാണ്. ജില്ലാതലത്തിലുള്ള 3 അസിസ്റ്റന്റ് ഡയറക്ടർമാരും ഉൾനാടൻ ജില്ലാതലവൻമാരാണ്.

#### (എ) മറൈൻ ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

1. മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ശുപാർശ ചെയ്യൽ.
2. മത്സ്യബന്ധനയാനങ്ങളുടെ ലൈസൻസ് നൽകൽ.
3. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ വായ്പ അനുവദിക്കൽ.
4. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ പണം സ്വീകരിക്കലും വിതരണവും.
5. മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കൽ
6. കടൽ മത്സ്യബന്ധനത്തൊഴിലാളികളുടെ ജീവൻ രക്ഷയുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കൽ
7. മത്സ്യബന്ധന നിരോധനം നടപ്പിലാക്കൽ.
8. നിയമവിരുദ്ധ മത്സ്യബന്ധനം തടയലും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കലും.
9. മത്സ്യസമ്പത്തിന്റെ വർദ്ധനവിനായുള്ള പദ്ധതികൾ നടപ്പിലാക്കൽ.
10. സുനാമി അടിയന്തിരസഹായ പദ്ധതി/സുനാമി പുനരധിവാസപദ്ധതി എന്നിവയുടെ നടത്തിപ്പ്/മേൽനോട്ടം വഹിക്കൽ.
11. കായലുകൾ, നദികൾ, കുളങ്ങൾ എന്നിവയിൽ മത്സ്യസമ്പത്തിന്റെ വളർച്ചയ്ക്കായുള്ള പദ്ധതികൾ നടപ്പിലാക്കൽ.
12. ഓരുജല/ ശുദ്ധജല മത്സ്യകൃഷി വികസനം സംബന്ധിച്ച പദ്ധതികളുടെയും, ഏജൻസികളുടെയും മേൽനോട്ടം.

#### (ബി) ഉൾനാടൻ ജില്ല ഡെപ്യൂട്ടി ഡയറക്ടർ / അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം

1. ഉൾനാടൻ മത്സ്യ സമ്പത്തിന്റെ വർദ്ധനവിനായുള്ള പദ്ധതികൾ നടപ്പാക്കൽ.

2. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ വായ്പകൾ അനുവദിക്കൽ.
3. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ പണം സ്വീകരിക്കലും, വിതരണവും.
4. നിരോധിക്കപ്പെട്ട വലകൾ, മത്സ്യബന്ധന മാർഗ്ഗങ്ങൾ എന്നിവ തടയുന്നതിനായി കായലുകളിൽ പരിശോധന നടത്തൽ.
5. വിവിധതരം മത്സ്യബന്ധന വലകൾക്ക് ലൈസൻസ് നൽകൽ.
6. റിസർവോയറുകൾ കുളങ്ങൾ, കനാലുകൾ, ടാങ്കുകൾ തുടങ്ങിയ മത്സ്യംവളർത്താൻ കഴിയുന്ന പ്രദേശങ്ങളിൽ മത്സ്യം വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.
7. ശുദ്ധജല മത്സ്യകൃഷി വികസനം സംബന്ധിച്ച പദ്ധതികളുടെയും, ഏജൻസികളുടെയും മേൽനോട്ടം.

**4. ഫിഷറീസ് സ്റ്റേഷനുകൾ**

അഞ്ച് ഫിഷറീസ് സ്റ്റേഷനുകൾ നിലവിലു ്. (വിഴിഞ്ഞം, നീ കര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ)

1. കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കൽ.
2. നിരോധിക്കപ്പെട്ട മത്സ്യബന്ധന രീതികൾ തടയുന്നതിനും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനുമായി കടലിൽ റോന്തുചുറ്റൽ.
3. മത്സ്യബന്ധനയാനങ്ങളുടെ രജിസ്ട്രേഷൻ / ലൈസൻസ് എന്നിവ വിതരണം ചെയ്യൽ.
4. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കൽ

**6. മത്സ്യഭവനുകൾ**

മത്സ്യത്തൊഴിലാളികളുടെ എല്ലാത്തരം ആനുകൂല്യങ്ങൾക്കുമുള്ള അപേക്ഷകൾ സ്വീകരിക്കലും പരിശോധന നടത്തലും, പദ്ധതികൾ ഫീൽഡ് തലത്തിൽ നടപ്പാക്കലും.

**7.ഹാച്ചറികൾ (മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങൾ)**

മത്സ്യ/കൊഞ്ച്/ചെമ്മീൻ കുഞ്ഞുങ്ങളെ ഉത്പാദനവും വിതരണവും

**7. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്**

**(എ) മത്സ്യത്തൊഴിലാളി / അനുബന്ധ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി**

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
2. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച ആശ്രിതർക്കുള്ള ധനസഹായ പദ്ധതി
3. അപകടം മൂലമു ാകുന്ന താത്ക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി
4. അപകടത്തെ തുടർന്ന് ആശുപത്രി ചികിത്സയ്ക്ക് ധനസഹായ പദ്ധതി
5. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊ ല്ലാതെ ഉ ാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം
6. വിവാഹ ധനസഹായ പദ്ധതി
7. വാർദ്ധക്യകാല പെൻഷൻ പദ്ധതി
8. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി
9. മാരകരോഗ ചികിത്സാ പദ്ധതി
10. കുടുംബ സംവിധാന പദ്ധതി
11. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി
12. SSLC പരീക്ഷയിൽ ഉന്നതവിജയം നേടുന്നവർക്ക് Cash Award

**8. മത്സ്യഫെഡ്**

1. മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമായ വായ്പ മത്സ്യത്തൊഴിലാളി വനിതകൾക്ക് വിപണനം നടത്തുന്നതിനാവശ്യമായ പ്രവർത്തന മൂലധനവായ്പ, പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, കെട്ടിടം മറ്റു സൗകര്യങ്ങൾ എന്നിവയ്ക്ക് ധനസഹായം, സബ്സിഡി ഓഹരിമൂലധനം,. മത്സ്യബന്ധനോപകരണങ്ങൾക്ക് 22.5% സബ്സിഡി നൽകുന്നു. മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ തീരദേശ ലേലം നടത്തി മത്സ്യത്തിന് ന്യായമായ വില ഉറപ്പു വരുത്തുന്നു.

2. കേന്ദ്രാവിഷ്കൃത യന്ത്രവൽക്കരണ പദ്ധതി പ്രകാരം പ്രാഥമിക സംഘങ്ങളിലൂടെ കുറഞ്ഞത് 6 മാസമെങ്കിലും മത്സ്യലേലം നടത്തുന്ന സംഘങ്ങൾക്ക് 10 എച്ച്.പിയിൽ താഴെയുള്ള ഔട്ട് ബോർഡ് എൻജിനുകൾ വാങ്ങുന്നതിന് പരമാവധി 10000 രൂപ വരെ സബ്സിഡി നൽകുന്നു.

3. 10 എച്ച്.പിയിൽ താഴെയുള്ള മോട്ടോർ ഉപയോഗിച്ചു മത്സ്യബന്ധനം നടത്തുന്ന മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധന വല വാങ്ങുന്നതിന് പരമാവധി 6000 രൂപ വരെ സബ്സിഡി നൽകുന്നു.

4. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ബാങ്ക് വായ്പ മുഖേന മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാക്കുന്നതിന് വിലയുടെ 25% വരെ പരമാവധി സബ്സിഡി നൽകുന്നു.

5. സ്വയം തൊഴിലിനായി ജാമ്യവ്യവസ്ഥയിൽ 6% പലിശ നിരക്കിൽ വായ്പകൾ നൽകുന്നു.

6. മത്സ്യത്തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും സ്വയം സഹായ ഗ്രൂപ്പുകളായി സംഘടിപ്പിക്കുകയും അവർക്ക് തൊഴിൽ ചെയ്യുന്നതിനായി മൈക്രോഫിനാൻസ് വായ്പ പദ്ധതി പ്രകാരം പരസ്പര ജാമ്യത്തിൻമേൽ 6% പലിശ നിരക്കിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പ നൽകുകയും ചെയ്യുന്നു.

7. എൻ.ബി.സി.എഫ്.ഡി.സിയുടെ ധനസഹായത്തോടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ വായ്പയായി പരമാവധി 1,25000 രൂപ വരെ വാർഷിക ഫീസിനത്തിൽ നൽകുന്നു. കോഴ്സ് പൂർത്തീകരിക്കുന്നതിനായി ഒരു

വിദ്യാർത്ഥിക്ക് പരമാവധി 5 ലക്ഷം രൂപ വരെ വായ്പയായി ലഭിക്കുന്നു. ഈ വായ്പയുടെ പലിശ നിരക്ക് 4% ആണ്.

8. എൻ.എം.ഡി.എഫ്.സിയുടെ ധനസഹായത്തോടെ മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ വായ്പയായി പരമാവധി 50,000 രൂപ വരെ വാർഷിക ഫീസിനത്തിൽ നൽകുന്നു. ഒരു വിദ്യാർത്ഥിക്ക് പരമാവധി 2,50,000 രൂപ വരെ വായ്പയായി ലഭിക്കുന്നു. ഈ വായ്പയുടെ പലിശ നിരക്ക് 3% ആണ്.

9. എസ്.ജി.എസ്.വൈ പദ്ധതി മുഖേന മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും വേ ി ധനസഹായം നൽകുന്നു.

10. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മത്സ്യം താല്ക്കാലികമായി കേട് കൂടാതെ സൂക്ഷിക്കുന്നതിനും മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ ഉ ാക്കുന്നതിനുമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വിപണന തൊഴിലാളികൾക്ക് മത്സ്യം കൊ ് പോകുന്നതിന് വാഹനസൗകര്യത്തിനും സാമ്പത്തിക സഹായം നൽകുന്നു.

11. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പായി ആഴക്കടലിൽ പോയി മത്സ്യബന്ധനം നടത്തുന്നതിനുള്ള ബോട്ട് സജ്ജമാക്കുന്നതിനും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും വേ ി സാമ്പത്തിക സഹായം നൽകുന്നു.

12. മത്സ്യക്കച്ചവടം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് 5000 രൂപ പലിശരഹിത വായ്പയായി നൽകുന്നു. 50 തവണകളായി പ്രതിവാരം 100 രൂപ നിരക്കിൽ തിരിച്ചടയ്ക്കേ താണ്.

13. എം.പി.ഇ.ഡി.എയുടെ ധനസഹായത്തോടെ അലങ്കാരമത്സ്യകൃഷിയിൽ ഏർപ്പെടുന്ന കർഷകർക്ക് മത്സ്യവിത്ത് ഉല്പാദനത്തിന് സബ്സിഡിയായി ഗ്രേഡ് I. ന് 75,000 രൂപയും, ഗ്രേഡ് II. ന് 2 ലക്ഷം രൂപയും, ഗ്രേഡ് III. ന് 7.5 ലക്ഷം രൂപയും എം.പി.ഇ.ഡി.എ.യുടെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

14. മത്സ്യഫെഡ് വഴി വായ്പയായി നൽകിയിട്ടുള്ള മത്സ്യബന്ധന ഉപകരണങ്ങൾ കടലാക്രമണം കൊ ും അപകടങ്ങൾ കൊ ും നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളിക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി നടപ്പാക്കുന്നു.

15. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം വാർഷിക പ്രീമീയം അടച്ച് അംഗങ്ങളാകുന്ന മത്സ്യതൊഴിലാളി അപകടത്തിൽപെട്ട് മരിക്കുകയാണെങ്കിൽ അവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപയും അപകടത്തിൽ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ അതിന്റെ തീവ്രത അനുസരിച്ച് ആനുപാതികമായ തുക ഇൻഷ്വറൻസ് ആനുകൂല്യമായി നൽകുന്നു.

16. മത്സ്യത്തൊളിലാളികൾക്ക് ആവശ്യമായ വല, എൻജിൻ അനുബന്ധന ഉപകരണങ്ങൾ, ലൂബ്രിക്കന്റ് ഓയിൽ എന്നിവയും ജീവൻ രക്ഷാ ഉപകരണങ്ങളായ ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ്, ഇലക്ട്രോണിക്സ് ഉപകരണങ്ങളായ ഇക്കോസൈ ർ, വി.എച്ച്.എഫ് റേഡിയോ, ജി.പി.എസ്, ഇൻസുലേറ്റഡ് ബോക്സുകൾ, പ്ലാസ്റ്റിക്ക് ക്രേയ്റ്റസ് എന്നിവയും ന്യായമായ വിലയിൽ 12 വ്യാസാസ്റ്റോറുകളിൽ നിന്നും നൽകുന്നു. കൂടാതെ മത്സ്യബന്ധനത്തിനാവാശ്യമായ ഡീസൽ മത്സ്യഫെഡിന്റെ 5 ഡീസൽ ബാങ്കുകളിൽ നിന്ന് ലഭിക്കുന്നു.

17. മത്സ്യഫെഡിന്റെ 13 ഒ.ബി.എം വർക്ക് ഷോപ്പിൽ നിന്ന് മത്സ്യത്തൊഴിലാളികൾക്ക് മിതമായ നിരക്കിൽ എൻജിന്റെ യഥാർത്ഥ സ്പെയർ പാർട്ടുകൾ ഉപയോഗിച്ച് എൻജിനുകൾ റിപ്പയർ ചെയ്ത് കൊടുക്കുന്നു.

18. അഴിക്കോടും, കോഴിക്കോടും പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഫിഷ്മീൽ പ്ലാന്റ് വഴി കാർഷികാവശ്യത്തിനുള്ള മത്സ്യവളം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

19. കൈറ്റിൻ, കൈറ്റോസൺ പ്ലാന്റ്, നീ കരയിൽ നിന്ന് ചെമ്മീൻ തോടിൽ നിന്ന് കൈറ്റോസൻ ഉല്പ്പാദിപ്പിച്ച് വിതരണം നടത്തുന്നു.

20. മത്സ്യഫെഡിന്റെ കൈപ്പമംഗലം, വെളിയംകോട്, കണ്ണൂർ, തിരുമുല്ലവാരം എന്നിവിടങ്ങളിലെ ഹാച്ചറികളിൽ നിന്ന് നാരൻ, കാര, ആറ്റുകൊഞ്ച് എന്നിവയുടെ വിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുകയും പാലക്കരി, മാലിപ്പുറം, ഞാറക്കൽ എന്നീ ഫാമുകളിൽ നിന്ന് മത്സ്യവും ചെമ്മീനും വളർത്തി വിപണനം നടത്തുകയും ചെയ്യുന്നു.

**9. സാഫ്**

1. മത്സ്യത്തൊഴിലാളി വനിതകളുടെ സ്വയം സഹായ സംഘങ്ങൾ അയൽക്കൂട്ടങ്ങൾ, ആക്റ്റിവിറ്റി ഗ്രൂപ്പുകൾ എന്നിവയ്ക്ക് ലഘു സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടത്തിപ്പിനും സഹായം നൽകുക.
2. മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിനും നവീകരണത്തിനും സഹായം നൽകുക.
3. വനിതാ മത്സ്യത്തൊഴിലാളികൾക്കുള്ള പലിശരഹിത വായ്പാ പദ്ധതിവഴി സഹായം നൽകുക.
4. ഒൻപതു തീരദേശജില്ലകളിലെ വനിതാ മത്സ്യത്തൊഴിലാളികൾക്കുള്ള ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുക.
5. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിലെ വനിതാ മത്സ്യത്തൊഴിലാളികൾക്ക് വൃത്തിയാക്കിയ പച്ച /ഉണക്ക മത്സ്യ വിപണനയൂണിറ്റ് നടത്തുന്നതിനുള്ള സഹായം നൽകൽ.
6. സുനാമി പുനരധിവാസ പദ്ധതി പ്രകാരം മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകളിലുള്ള വനിതാ മത്സ്യത്തൊഴിലാളികൾക്ക് സോപ്പു നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സഹായം നൽകുക.
7. സുനാമി പുനരധിവാസ പദ്ധതി പ്രകാരം റൂറൽ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് പദ്ധതി നടപ്പാക്കുക.
8. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി പദ്ധതി പ്രകാരം സുനാമി ബാധിത തീരദേശ മേഖലയിലെ വനിതാ മത്സ്യത്തൊഴിലാളികൾക്കായി പി. എം. എൻ. ആർ. എഫ്. പദ്ധതി നടപ്പിലാക്കൽ.

**10. അഡാക്ക്**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കേരള കാർഷിക സർവ്വകലാശാലയുടെയും സഹകരണത്തോടെ, ആലപ്പുഴ എറണാകുളം, തൃശ്ശൂർ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന പൊക്കാളി പാടങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നതിനുള്ള സഹായം നൽകൽ.
2. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്ക് ശേഷമുള്ള ഇടവേളകളിൽ മത്സ്യ/കൊഞ്ച് കൃഷി വ്യാപിപ്പിച്ച് നെൽകൃഷിയും മത്സ്യകൃഷിയും ആദായകരമാക്കാനുള്ള ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പാക്കൽ.
3. തൃശ്ശൂർ മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കൽ.
4. കല്ലുമ്മേക്കായ കൃഷി വ്യാപിപ്പിക്കുന്ന നടപടികൾ സ്വീകരിക്കൽ.
5. തൃശ്ശൂർ എറണാകുളം ആലപ്പുഴ ജില്ലകളിലെ പൊക്കാളി പാടശേഖരങ്ങളിൽ ചെമ്മീൻ/മത്സ്യകൃഷി മത്സ്യ കേരളം പദ്ധതി വഴി നടപ്പിലാക്കൽ.
6. ആലപ്പുഴ ജില്ലയിലെ തെരഞ്ഞെടുത്ത 1000 ഹെക്ടർ പാടശേഖരങ്ങളിൽ കൊഞ്ച്/മത്സ്യകൃഷി നടപ്പിലാക്കൽ
7. കുമ്പളങ്ങി, പറവൂർ എന്നീ സ്ഥലങ്ങളിൽ പി. സി. ആർ. ലാബുകൾ പ്രവർത്തിപ്പിക്കൽ.
8. തൃശ്ശൂർ ജില്ലയിലെ പൊയ്യ ഫാമിൽ മത്സ്യകർഷകർക്കാവശ്യമായ പരിശീലനങ്ങൾ നൽകൽ
9. വർക്കലയിൽ പ്രവർത്തിച്ചുവരുന്ന ഓടയം ചെമ്മീൻ ഹാച്ചറിയിൽ നിന്നും ചെമ്മീൻ/കൊഞ്ചു കൃഷിക്കാവശ്യമായ ഗുണമേന്മയുള്ള വിത്ത് ലഭ്യമാക്കൽ.

**11. ഫിർമ**

1. അലങ്കാര മത്സ്യോത്പാദനം, വിപണനം തുടങ്ങിയവക്കായി അക്വാ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കൽ.
2. സമുദ്ര മത്സ്യങ്ങളെക്കുറിച്ചും കടൽ ജീവികളെക്കുറിച്ചും പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും ഓഷ്യനേറിയം സ്ഥാപിക്കലും നടത്തിപ്പും.
3. സുനാമി അടിയന്തിര സഹായ പദ്ധതിയുടെ ഭാഗമായി അലങ്കാര മത്സ്യഉല്പാദന യൂണിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കൽ.
4. 'സീ റാഞ്ചിംഗ്', സോഷ്യൽ ഫിഷറീസ് തുടങ്ങിയ പദ്ധതികളുടെ നേട്ടങ്ങളെ സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തൽ.
5. മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കലും നടത്തിപ്പും.
6. ക ൽക്കാടുകൾ വെച്ചു പിടിപ്പിക്കലും അനുബന്ധപ്രവർത്തനങ്ങളും നടത്തൽ
7. മഹ്സീർ ഹാച്ചറി സ്ഥാപിച്ച് വംശ വർദ്ധനവിനുള്ള നടപടികൾ സ്വീകരിക്കൽ.
8. ആയിരംതെങ്ങ് മത്സ്യ ഫാമിന്റെ നടത്തിപ്പ്.

**12. പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (സുനാമി അടിയന്തിര സഹായ പദ്ധതി)**

1. ടീപ്പ്/ടി. ആർ. പി. പദ്ധതികളുടെ നിർവ്വഹണത്തിനായി കേന്ദ്രീകൃതമായി അപേക്ഷകൾ അച്ചടിച്ചു നൽകുക. പത്രങ്ങൾവഴി പ്രചാരണം നടത്തുക.
2. തദ്ദേശഭരണ സ്ഥാപനങ്ങൾ, പദ്ധതി നിർവ്വഹണ ഏജൻസികൾ, ഇവർക്ക് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സംശയ നിവാരണം നടത്തുക.
3. ഗുണഭോക്താക്കൾ, ജീവനക്കാർ എന്നിവർക്ക് ബോധവൽക്കരണം പരിശീലനം എന്നിവ നല്കുക.
4. തുടങ്ങിവച്ച യൂണിറ്റുകൾ പരിശോധിച്ച് പോരായ്മകൾ പരിഹരിക്കുവാൻ വേ സഹായങ്ങൾ ലഭ്യമാക്കുക.
5. ഗ്രാമതലത്തിൽ രൂപപ്പെടുന്നസംഘടനാ സംവിധാനം ഫലപ്രദമാക്കാൻ സഹായിക്കുക.

**13. തീരദേശ വികസന കോർപ്പറേഷൻ**

തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുക, വിവിധ ഏജൻസികളെ പങ്കെടുപ്പിച്ചുകൊ ് വികസന പദ്ധതികൾ നടപ്പിലാക്കുക, കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫ ുകൾ സമാഹരിക്കുകയും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യുക. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ വഴി തീരദേശ വികസനത്തിനായുള്ള നടപടികൾക്ക് മേൽനോട്ടം വഹിക്കുക എന്നതാണ് തീരദേശ വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമാകുന്ന സേവനം.

**14. എഫ്. എഫ്. ഡി. എ. കൾ**

1. ചെമ്മീൻ കൃഷിക്കനുയോജ്യമായ ഓരുജല മേഖലയുടെ ക ത്തലും പഠനവും .
2. ഷ്രിംപ് ഫാമുകളുടെ നിർമ്മാണം.
3. ഷ്രിംപ് ഫാമുകളുടെയും ഹാച്ചറികളുടേയും പ്രവർത്തനം സംബന്ധിച്ച പരിശീലനം മത്സ്യകർഷകർക്ക് നൽകുക.
4. ചെമ്മീൻകൃഷി ഏറ്റെടുക്കുന്നതിനായി കർഷകരെ പ്രാപ്തരാക്കൽ.
5. വാണിജ്യ ബാങ്കുകളിൽ നിന്നും മത്സ്യകർഷകർക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നൽകൽ.
6. മത്സ്യകർഷകർക്ക് സാമ്പത്തിക സഹായങ്ങളും സബ്സിഡിയും ലഭ്യമാക്കൽ.
7. ഷ്രിംപ് കൾച്ചറിനാവശ്യമായ വിത്ത്, തീറ്റ തുടങ്ങിയവ കർഷകർക്ക് ലഭ്യമാക്കുക.
8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ജലാശയങ്ങൾ കർഷകർ/കർഷക ഗ്രൂപ്പുകൾക്ക് പാട്ടത്തിനു നൽകാനുള്ള നടപടികൾ സ്വീകരിക്കുക.
9. അനുയോജ്യമായ ശുദ്ധജലാശയങ്ങളെ പദ്ധതിയിൻ കീഴിൽ കൊ ുവരിക.
10. മത്സ്യകർഷകർക്ക് പരിശീലനവും മറ്റു സഹായങ്ങളും നൽകി കൃഷിക്കാരാക്കി മാറ്റുക.
11. ഗ്രാമീണ ജനവിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

**15. നിഫാം**

ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം മത്സ്യവകുപ്പിലെ ജീവനക്കാർക്ക് നൽകി അവരെ കർമ്മോത്സുകരും സേവന തത്പരരുമാക്കി മാറ്റുന്നതിനും പുതിയൊരു തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും നടപടികൾ സ്വീകരിക്കുക എന്നതാണ് നിഫാം നൽകുന്ന സേവനങ്ങളിൽ മുഖ്യമായിട്ടുള്ളത്.

**16. കടാശ്വാസകമ്മീഷൻ**

മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക

| VII വിവരാവകാശനിയമ പ്രകാരം സേവനംനൽകുന്നതിന് ചുമതലയുള്ള ഉ ദ്യോഗസ്ഥരുടെ പേരുവിവരം | | | | |
|---|---|---|---|---|
| നം. | ഓഫീസ് | അപ്പീൽ അധികാരി | പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ |
| 1 | മത്സ്യബന്ധന വകുപ്പ് ഡയറക്ടറുടെ കാര്യാലയം | മത്സ്യബന്ധന വകുപ്പ് അഡിഷണൽ ഡയറക്ടർ | മത്സ്യബന്ധന വകുപ്പ് ജോയിന്റ് ഡയറക്ടർ | അസിസ്റ്റന്റ് ഡയറക്ടർ (പി&എം) |
| 2 | മത്സ്യബന്ധന വകുപ്പ് ദക്ഷിണ മേഖല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | മത്സ്യബന്ധന വകുപ്പ് ദക്ഷിണ മേഖല ജോയിന്റ് ഡയറക്ടർ | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | ജൂനിയർ സൂപ്ര ് |
| 3 | മത്സ്യബന്ധന വകുപ്പ് മദ്ധ്യ മേഖല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം | മത്സ്യബന്ധന വകുപ്പ് മദ്ധ്യ മേഖല ജോയിന്റ് ഡയറക്ടർ | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | ജൂനിയർ സൂപ്ര ് |
| 4 | മത്സ്യബന്ധന വകുപ്പ് ഉത്തര മേഖല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് | മത്സ്യബന്ധന വകുപ്പ് ഉത്തര മേഖല ജോയിന്റ് ഡയറക്ടർ | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | ജൂനിയർ സൂപ്ര ് |
| 5 | മത്സ്യബന്ധന വകുപ്പ് മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം, | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | ജൂനിയർ സൂപ്ര ് | യു. ഡി. ക്ലാർക്ക് |
| 6 | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കൊല്ലം | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | ജൂനിയർ സൂപ്ര ് | യു. ഡി. ക്ലാർക്ക് |
| 7 | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, ആലപ്പുഴ | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ജൂനിയർ സൂപ്ര ് |
| 8 | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, എറണാകുളം | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | ജൂനിയർ സൂപ്ര ് | യു. ഡി. ക്ലാർക്ക് |
| 9 | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ജൂനിയർ സൂപ്ര ് |
| 10 | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പാലക്കാട് | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | ജൂനിയർ സൂപ്ര ് | യു. ഡി. ക്ലാർക്ക് |
| 11 | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | ജൂനിയർ സൂപ്ര ് | യു. ഡി. ക്ലാർക്ക് |
| 12 | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലപ്പുറം | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ജൂനിയർ സൂപ്ര ് |
| 13 | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കണ്ണൂർ | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | ജൂനിയർ സൂപ്ര ് | യു. ഡി. ക്ലാർക്ക് |
| 14 | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കാസർഗോഡ് | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ജൂനിയർ സൂപ്ര ് |
| 15 | മത്സ്യബന്ധന വകുപ്പ് അസിസ്സന്റ് ഡയറക്ടറുടെ കാര്യാലയം, പത്തനംതിട്ട | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ഹെഡ് ക്ലാർക്ക് | യു. ഡി. ക്ലാർക്ക് |
| 16 | മത്സ്യബന്ധന വകുപ്പ് അസിസ്സന്റ് ഡയറക്ടറുടെ കാര്യാലയം, കോട്ടയം | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | അസിസ്റ്റന്റ് ഡയറക്ടർ | ഹെഡ്ക്ലാർക്ക് |

| | | | | |
|---|---|---|---|---|
| 17 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ഇടുക്കി | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | അസിസ്റ്റന്റ് എക്സ്റ്റെൻഷൻ ഓഫീസർ | ഹെഡ് ക്ലാർക്ക് |
| 18 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, വയനാട് | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ഹെഡ് ക്ലാർക്ക് | യു. ഡി. ക്ലാർക്ക് |
| 19 | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ (പരിശീലനം) കാര്യാലയം, എറണാകുളം | മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ | ജൂനിയർ സൂപ്ര | യു. ഡി. ക്ലാർക്ക് |
| 20 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ (പരിശീലനം) കാര്യാലയം, എറണാകുളം | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ടെക്നിക്കൽ അസിസ്റ്റന്റ് | ഹെഡ് ക്ലാർക്ക് |
| 21 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ഫിഷറീസ് സ്റ്റേൻ, വിഴിഞ്ഞം | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ടെക്നിക്കൽ അസിസ്റ്റന്റ് | യു. ഡി. ക്ലാർക്ക് |
| 22 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ഫിഷറീസ് സ്റ്റേഷൻ, നീ കര | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ഹെഡ് ക്ലാർക്ക് | ടെക്നിക്കൽ അസിസ്റ്റന്റ് |
| 23 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ഹെഡ് ക്ലാർക്ക് | യു. ഡി. ക്ലാർക്ക് |
| 24 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ഫിഷറീസ് സ്റ്റേഷൻ, ബേപ്പൂർ | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഹെഡ് ക്ലാർക്ക് |
| 25 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ഫിഷറീസ് സ്റ്റേഷൻ, കണ്ണൂർ | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ടെക്നിക്കൽ അസിസ്റ്റന്റ് | യു. ഡി. ക്ലാർക്ക് |
| 26 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ദേശീയ മത്സ്യവിത്തുല്പാദന കേന്ദ്രം, മലമ്പുഴ | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ഫ്രഷ് വാട്ടർ ബൈയോളജിസ്റ്റ് | റിസർച്ച് അസിസ്റ്റന്റ് |
| 27 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, ദേശീയ മത്സ്യവിത്തുല്പാദന കേന്ദ്രം, പോളച്ചിറ | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | റിസർച്ച് അസിസ്റ്റന്റ് | ഫിഷ് കൾച്ചർ ഓഫീസർ |
| 28 | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, റീജിയണൽ ഷ്രിംപ് ഹാച്ചറി, അഴീക്കോട് | മത്സ്യബന്ധന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ | ഹെഡ് ക്ലാർക്ക് | യു. ഡി. ക്ലാർക്ക് |
| 29 | ഫിഷ് ഫാം, പള്ളം | റിസർച്ച് ഓഫീസർ | റിസർച്ച് അസിസ്റ്റന്റ് | |
| 30 | ശുദ്ധജല മത്സ്യകൃഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, തിരുവനന്തപുരം | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | ജൂനിയർ സൂപ്ര | യു. ഡി. ക്ലാർക്ക് |
| 31 | ശുദ്ധജല മത്സ്യകൃഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, കൊല്ലം | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ | എക്സ്റ്റെൻഷൻ ഓഫീസർ |
| 32 | ശുദ്ധജല മത്സ്യകൃഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, ആലപ്പുഴ | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | എക്സ്റ്റെൻഷൻ ഓഫീസർ | എക്സ്റ്റെൻഷൻ ഓഫീസർ |

| | | | | |
|---|---|---|---|---|
| 33 | ശുദ്ധജല മത്സ്യകഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, ഇടുക്കി | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അസിസ്റ്റന്റ് എക്സ്റ്റെൻഷൻ ഓഫീസർ | |
| 34 | ശുദ്ധജല മത്സ്യകഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, പത്തനംതിട്ട | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | |
| 35 | ശുദ്ധജല മത്സ്യകഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, എറണാകുളം | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അസിസ്റ്റന്റ് എക്സ്റ്റെൻഷൻ ഓഫീസർ | |
| 36 | ശുദ്ധജല മത്സ്യകഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, തൃശ്ശൂർ | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ | |
| 37 | ശുദ്ധജല മത്സ്യകഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, പാലക്കാട് | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ | എക്സ്റ്റെൻഷൻ ഓഫീസർ |
| 38 | ശുദ്ധജല മത്സ്യകഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, കോഴിക്കോട് | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അക്വാ കൾച്ചർ എക്സ്പെർട്ട് | എക്സ്റ്റെൻഷൻ ഓഫീസർ |
| 39 | ശുദ്ധജല മത്സ്യകഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, കണ്ണൂർ | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അസിസ്റ്റന്റ് എക്സ്റ്റെൻഷൻ ഓഫീസർ | |
| 40 | ശുദ്ധജല മത്സ്യകഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, വയനാട് | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അസിസ്റ്റന്റ് എക്സ്റ്റെൻഷൻ ഓഫീസർ | |
| 41 | ശുദ്ധജല മത്സ്യകഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, മലപ്പുറം | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അസിസ്റ്റന്റ് എക്സ്റ്റെൻഷൻ ഓഫീസർ | |
| 42 | ശുദ്ധജല മത്സ്യകഷി വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, കാസർഗോഡ് | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | അസിസ്റ്റന്റ് എക്സ്റ്റെൻഷൻ ഓഫീസർ | |

### VIII. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം (1980) പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി അധികാരികൾ

| നം. | സേവന വിവരം | സേവനം നൽകുന്നതിന് ഉത്തരവാദപ്പെട്ട ഓഫീസർ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയ പരിധി |
|---|---|---|---|
| 1 | മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ/ മത്സ്യബന്ധന ലൈസൻസ് | അസിസ്റ്റന്റ് ഡയറക്ടർ ഫിഷറീസ് സ്റ്റേഷൻ, വിഴിഞ്ഞം<br>അസിസ്റ്റന്റ് ഡയറക്ടർ ഫിഷറീസ് സ്റ്റേഷൻ, നീ കര<br>അസിസ്റ്റന്റ് ഡയറക്ടർ ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ<br>അസിസ്റ്റന്റ് ഡയറക്ടർ ഫിഷറീസ് സ്റ്റേഷൻ, ബേപ്പൂർ<br>അസിസ്റ്റന്റ് ഡയറക്ടർ ഫിഷറീസ് സ്റ്റേഷൻ, കണ്ണൂർ<br>ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴ<br>ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം<br>ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂർ<br>ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ കാസർഗോഡ് | 30 ദിവസം |

### IX. മർച്ചന്റ് ഫിഷിംഗ് ആക്ട് അനുസരിച്ച് മത്സ്യബന്ധന യാനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള രജിസ്ട്രാർമാർ

| നം. | സേവന വിവരം | സേവനം നൽകുന്നതിന് ഉത്തരവാദപ്പെട്ട ഓഫീസർ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയ പരിധി |
|---|---|---|---|
| 1 | മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ | 1. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണ മേഖല)<br>2. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല)<br>3. ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തര മേഖല)<br>4. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല) തിരുവനന്തപുരം<br>5. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ , കൊല്ലം.<br>6. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ , ആലപ്പുഴ<br>7. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ , എറണാകുളം<br>8. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ , തൃശ്ശൂർ<br>9. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ , മലപ്പുറം<br>10. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ , കോഴിക്കോട്<br>11. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ , കണ്ണൂർ<br>12. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ , കാസർഗോഡ്<br>13. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, വിഴിഞ്ഞം<br>14. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ , ഫിഷറീസ് സ്റ്റേഷൻ, നീ കര<br>15. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ , ഫിഷറീസ് സ്റ്റേഷൻ വൈപ്പിൻ<br>16. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ , ഫിഷറീസ് സ്റ്റേഷൻ ബേപ്പൂർ<br>17. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ , ഫിഷറീസ് സ്റ്റേഷൻ, കണ്ണൂർ | 30 ദിവസം |

### X. മത്സ്യബന്ധന വകുപ്പ് ഈടാക്കുന്ന ഫീസ് നിരക്കുകൾ
### (കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാറ്റങ്ങൾക്ക് വിധേയമാണ്)

| നം. | വിവരണം | ഫീസ് (രൂപ) | സെക്യൂരിറ്റി (തുക) |
|---|---|---|---|
| 1 | വിഭാഗം | | |
| | 1. യന്ത്ര വത്കൃതമല്ലാത്ത നാടൻ | 50.00 | |
| | 2. യന്ത്രവത്കൃത നാടൻ യാനങ്ങൾ (10 എച്ച്. പി. വരെ) | 100.00 | |
| | 3. യന്ത്രവത്കൃത നാടൻ യാനങ്ങൾ (10 എച്ച്. പി. മുതൽ) | 200.00 | |
| | 4. 36’ വരെ നീളമുള്ള മെക്കനൈസ്ഡ് ഫിഷിംഗ് ബോട്ടുകൾ | 250.00 | |
| | 5. മറ്റ് എല്ലാത്തരം യാനങ്ങളും | 500.00 | |
| | | | |
| 2 | വിഭാഗം | | |
| | 1. യന്ത്രങ്ങൾ ഘടിപ്പിച്ച നാടൻ യാനങ്ങൾ | 100.00 | |
| | 2. 30’ നീളമുള്ള യന്ത്ര വത്കൃത യാനങ്ങൾ | 5000.00 | 1000.00 |
| | 3. 30’ യിൽ കൂടുതൽ നീളമുള്ളതും 37’ ൽ താഴെ നീളമുള്ളതുമായ യന്ത്ര വത്കൃത ബോട്ടുകൾ | 750.00 | 1500 |
| | 4. 37’ യിൽ കൂടുതൽ നീളമുള്ളതും 56’യിൽ താഴെ നീളമുള്ളതുമായ യന്ത്ര വത്കൃത ബോട്ടുകൾ | 1000.00 | 2000 |
| | 5. 56’ യിൽ കൂടുതൽ നീളമുള്ള യന്ത്രവത്കൃത യാനങ്ങൾ | 1500.00 | 3000 |
| 3 | മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റൽ/എൻജിൻ/ബോഡി ഘടനയിൽ മാറ്റങ്ങൾ വരുത്തൽ | 100.00 | |

**മത്സ്യബന്ധന വകുപ്പ് ചെമ്മീൻ വാറ്റ്, വിവിധതരം മത്സ്യബന്ധന വലകൾ എന്നിവയുടെ ലൈസൻസിനായി (രജിസ്ട്രേഷൻ/റീ രജിസ്ട്രേഷൻ) ഈടാക്കുന്ന ഫീസ് നിരക്കുകൾ (കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാറ്റങ്ങൾക്ക് വിധേയം)**

| ക്രമ നം. | വിവരണം | വാർഷിക നിരക്ക് (രൂപ) |
|---|---|---|
| I | ചൈനീസ് നെറ്റ്സ് | |
| | 1. വാർഷിക വരുമാനം 1000 രൂപയ്ക്ക് മുകളിൽ | 200.00 |
| | 2. വാർഷിക വരുമാനം 750 രൂപയ്ക്കും 1000 രൂപയ്ക്കും ഇടയിൽ | 150.00 |
| | 3. വാർഷിക വരുമാനം 750 രൂപയ്ക്ക് താഴെ | 100.00 |
| II | ഫ്രീ നെറ്റ്സ് | |
| | 1. ക്ലാസ്സ് - I | 100.00 |
| | 2. ക്ലാസ്സ് - II | 100.00 |
| | 3. ക്ലാസ്സ് - III | 100.00 |
| | 4. ക്ലാസ്സ് - IV | 100.00 |
| | 5. ക്ലാസ്സ് - V | 50.00 |
| | 6. ക്ലാസ്സ് - VI | 50.00 |
| | കോൾ നെറ്റ്, കോഡിനെറ്റ് മറ്റുള്ളവ | 250.00 |
| | ചെമ്മീൻ വാറ്റ് | 250.00 |

## *XI.* പ്രധാന ഫോൺ നമ്പരുകളും ഓഫീസ് വിലാസവും

| നം | തസ്തിക | വിലാസം | ഫോൺ നമ്പർ |
|---|---|---|---|
| 1 | മത്സ്യബന്ധന വകുപ്പ് ഡയറക്ടർ | വികാസ് ഭവൻ, തിരുവനന്തപുരം | 0471-2303160 |
| 2 | മത്സ്യബന്ധന വകുപ്പ് അഡീഷണൽ ഡയറക്ടർ | വികാസ് ഭവൻ, തിരുവനന്തപുരം | 0471-2304598 |
| 3 | മത്സ്യബന്ധന വകുപ്പ് ജോയിന്റ് ഡയറക്ടർ | വികാസ് ഭവൻ, തിരുവനന്തപുരം | 0471-2303103 |
| 4 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം | 0471-2303116 |
| 5 | സീനിയർ ഫിനാൻസ് ഓഫീസർ | ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം | 0471-2304348 |
| 6. | ലാ ഓഫീസർ | ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം | 0471-2304348 |
| 7. | സോണൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണ മേഖല) | മണക്കാട്. പി. ഒ., കമലേശ്വരം | 0471-2450351 |
| 8. | സോണൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല) | ഹൈക്കോടതിയ്ക്കു സമീപം, സലിം അലി റോഡ്, എറണാകുളം (നോർത്ത്) | 0484-2397371 |
| 9 | സോണൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തര മേഖല) | വെസ്റ്റ് ഹിൽ, കോഴിക്കോട് | 0495-2380005 |
| 10 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം | മത്സ്യഭവൻ, മണക്കാട്. പി. ഒ., കമലേ ശ്വരം, തിരുവനന്തപുരം | 0471-2450773 |
| 11 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം | സിവിൽ സ്റ്റേഷൻ കൊല്ലം | 0474-2792850 |
| 12 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ | ബിസ്മില്ലാ കോംപ്ലക്സ് ബിൽഡിംഗ്, നം. AMC XX/57, ആലപ്പുഴ - 688001 | 0477 - 2252367 |
| 13 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം | തട്ടപുരം. പി. ഒ., എറണാകുളം, കൊച്ചി - 682014 | 0484-2394476 |
| 14 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ | എ. ബ്ലോക്ക്, സെക്കന്റ് ഫ്ളോർ, മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്, പാടുരായിക്കൽ, തിരുവമ്പാടി | 0487-2331132 |
| 15 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം | പൊന്നാനി നഗരം. പി. ഒ., പൊന്നാനി | 0494-2666428 |
| 16 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് | മലമ്പുഴ ഡാം പി. ഒ., പാലക്കാട് | 0491-2815245 |
| 17 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് | വെസ്റ്റ് ഹിൽ, കോഴിക്കോട്-673005 | 0495-2383780 |
| 18 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ | മാപ്പിളബേ, കണ്ണൂർ -670017 | 0497-2731081 |
| 19 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് | 31/221, കാഞ്ഞങ്ങാട് ഫിഷറീസ് കോംപ്ലക്സ്, കാഞ്ഞങ്ങാട് | 0467-2202537 |
| 20 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, പത്തനംതിട്ട | മേലേ ബിൽഡിംഗ്സ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് സമീപം, പത്തനം തിട്ട - 689645 | 0468-2223134 |
| 21 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം | കോളേജ് റോഡ്, കോട്ടയം-686001 | 0481-2566823 |
| 22 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കി | കുമിളി. പി. ഒ., ഇടുക്കി | 0486-9222326 |
| 23 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, വയനാട് | പൂക്കോട് ലേക്ക്, ബിൽഡിംഗ്സ്, ലക്കിടി. പി. ഒ., വൈത്തിരി (വഴി) വയ നാട് | 0493-6255214 |
| 24 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, വിഴിഞ്ഞം | ഫിഷറീസ് സ്റ്റേഷൻ, വിഴിഞ്ഞം | 0471-2480335 |
| 25 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, നീ കര | ഫിഷറീസ് സ്റ്റേഷൻ, നീ കര, കൊല്ലം | 0476-2680036 |
| 26 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ | ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ, എറ ണാകുളം | 0484-2502768 |

| | | | |
|---|---|---|---|
| 27 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, ബേപ്പൂർ | ഫിഷറീസ് സ്റ്റേഷൻ, ബേപ്പൂർ, കോഴിക്കോട് | 0495-2414074 |
| 28 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, കണ്ണൂർ | ഫിഷറീസ് സ്റ്റേഷൻ, മാപ്പിളബേ, കണ്ണൂർ | 0497-2732487 |

**ഫാമുകളും, ഹാച്ചറികളും**

| | | | |
|---|---|---|---|
| 1 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | നാഷണൽ ഫിഷ് സീഡ് ഫാം & ഹാച്ചറി, നെയ്യാർഡാം. പി. ഒ. | |
| 2 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | ബി. എഫ്. എഫ്. ഡി. എ. ഹാച്ചറി, നീ കര, കൊല്ലം | 0474-2796613 |
| 3 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | ഫിഷ് സീഡ് ഫാം , ഫിഷറീസ് കോംപ്ലക്സ്, പന്നിവേലിച്ചിറ | 0468-2214589 |
| 4 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | നാഷണൽ ഫിഷ് സീഡ് ഫാം, പോളച്ചിറ, കവിയൂർ. പി. ഒ. | 0469-2659143 |
| 5 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | മോഡൽ ഫിഷ് ഫാം, പള്ളം, കോട്ടയം | 0481-2434039 |
| 6 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | റീജിയണൽ ഷ്രിംപ് ഹാച്ചറി, അഴീക്കോട്. അഴീക്കോട് ജെട്ടി. പി. ഒ., തൃശ്ശൂർ | 0480-2819698 |
| 7 | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | നാഷണൽ ഫിഷ് സീഡ് ഫാം, മലമ്പുഴ, പാലക്കാട് | 0491-2815143 |
| 8 | ഫിഷ് കൾച്ചർ ആഫീസർ | ഫിഷ്ഫാം, ഉള്ളനം | 0494-2411018 |

**ശുദ്ധജല മത്സ്യകൃഷി വികസന ഏജൻസികൾ**

| | | | |
|---|---|---|---|
| 1 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ., മത്സ്യഭവൻ, മണക്കാട്. പി. ഒ., കമലേശ്വരം | 0471-2464076 |
| 2 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ. ജില്ലാ പഞ്ചായത്ത്, തേവള്ളി പി, ഒ. കൊല്ലം | 0474-2772397 |
| 3 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ. ബിസ്മില്ലാ കോംപ്ലക്സ് ബിൽഡിംഗ്, നം. AMC XX/57, ആലപ്പുഴ - 688001 | 0477-2252814 |
| 4 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ.,സലിം അലി റോഡ്, എറണാകുളം (നോർത്ത്) | 0484-2397182 |
| 5 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ.,കോളേജ് റോഡ്, കോട്ടയം | 0481-2566823 |
| 6 | ചീഫ് എക്സിക്യൂട്ടീവ് | കുമിളി. പി. ഒ., ഇടുക്കി | 0486-9222326 |
| 7 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ.,എ. ബ്ലോക്ക്, സെക്കന്റ് ഫ്ളോർ, മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്, പാടുരായിക്കൽ, തിരുവമ്പാടി | 0487-2331132 |
| 8 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ.,മലമ്പുഴ ഡാം. പി. ഒ.,പാലക്കാട് | 0491-2815245 |
| 9 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ.,പൊന്നാനി നഗരം. പി. ഒ., പൊന്നാനി, മലപ്പുറം | 0494-2333428 |
| 10 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ.,വെസ്റ്റ് ഹിൽ, കോഴിക്കോട്-673005 | 0495-2383780 |
| 11 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ.,മാപ്പിളബേ, കണ്ണൂർ -670017 | 0497-2731081 |
| 12 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ., പൂക്കോട് ലേക്ക് ബിൽഡിംഗ്സ്, ലക്കിടി. പി. ഒ., വൈത്തിരി (വഴി) വയനാട് | 0493-6255214 |
| 13 | ചീഫ് എക്സിക്യൂട്ടീവ് | എഫ്. എഫ്. ഡി. എ.,മേലേ ബിൽഡിംഗ്സ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് സമീപം, പത്തനംതിട്ട - 689645 | 0468-2223134 |
| 14 | ചീഫ് എക്സിക്യൂട്ടീവ് | കാഞ്ഞങ്ങാട് ഫിഷറീസ് കോംപ്ലക്സ്, കാഞ്ഞങ്ങാട് | 0467-2202537 |

**ഏജൻസികൾ**

**1. കേരള ഫിഷർമെൻസ് വെൽഫയർ ഫ ് ബോർഡ്**

| നം | തസ്തിക | വിലാസം | ഫോൺ നമ്പർ |
|---|---|---|---|
| 1 | കമ്മീഷണർ | കേരള ഫിഷർമെൻസ് വെൽഫയർ ഫ ് ബോർഡ്, പൂങ്കുന്നം. പി. ഒ., തൃശ്ശൂർ | 0487-2383088 |
| 2 | ജോയിന്റ് കമ്മീഷണർ | കേരള ഫിഷർമെൻസ് വെൽഫയർ ഫ ് ബോർഡ്, പൂങ്കുന്നം. പി. ഒ., തൃശ്ശൂർ | 0487-2383088 |
| 3 | സെക്രട്ടറി | കേരള ഫിഷർമെൻസ് വെൽഫയർ ഫ ് ബോർഡ്, പൂങ്കുന്നം. പി. ഒ., തൃശ്ശൂർ | 0487-2383088 |
| 4 | ഫിനാൻസ് ഓഫീസർ | കേരള ഫിഷർമെൻസ് വെൽഫയർ ഫ ് ബോർഡ്, പൂങ്കുന്നം. പി. ഒ., തൃശ്ശൂർ | 0487-2383088 |

**റീജ്യണൽ ഓഫീസുകൾ**

| നം | തസ്തിക | വിലാസം | ഫോൺ നമ്പർ |
|---|---|---|---|
| 1 | റീജ്യണൽ എക്സിക്യൂട്ടീവ്, തിരുവനന്തപുരം | എം. പി. അപ്പൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം | 0471-2325483 |
| 2 | ജൂനിയർ എക്സിക്യൂട്ടീവ്, ആലപ്പുഴ | മത്സ്യഭവൻ ബിൽഡിംഗ്, തിരുവമ്പാടി, പി. ഒ., ആലപ്പുഴ - 2 | 0477-2239597 |
| 3 | റീജ്യണൽ എക്സിക്യൂട്ടീവ്, എറണാകുളം | ചർച്ച് ലാന്റിംഗ് റോഡ്, പള്ളി മുക്ക്, കൊച്ചി | 0484-23383210 |
| 4 | ജൂനിയർ എക്സിക്യൂട്ടീവ്, കണ്ണൂർ | മത്സ്യഭവൻ, ഫിഷറീസ് കോംപ്ലക്സ്, മാപ്പിളബേ, കണ്ണൂർ | 0497-2734587 |
| 5 | റീജ്യണൽ എക്സിക്യൂട്ടീവ്, കോഴിക്കോട് | ഫിഷറീസ് കോംപ്ലക്സ്, വെസ്റ്റ് ഹിൽ, കോഴിക്കോട് | 0495-2383472 |

**2. ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വാ കൾച്ചർ, കേരള**

| നം | തസ്തിക | വിലാസം | ഫോൺ നമ്പർ |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് ഡയറക്ടർ | അഡാക്ക്, ടി. സി./15/1494 (മിൻചിൻ റോഡ്) വഴുതക്കാട്, തിരുവനന്തപുരം | 0471-2322410 |
| 2 | ജോയിന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ | അഡാക്ക്, ടി. സി./15/1494 (മിൻചിൻ റോഡ്) വഴുതക്കാട്, തിരുവനന്തപുരം | 0471-2322410 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ | അഡാക്ക്, ടി. സി./15/1494 (മിൻചിൻ റോഡ്) വഴുതക്കാട്, തിരുവനന്തപുരം | 0471-2322410 |
| 4 | റീജ്യണൽ എക്സിക്യൂട്ടീവ് | അഡാക്ക് റീജ്യണൽ ഓഫീസ്, റ്റി. ഡി. എച്ച്. എ. എസ്. എസ്സിന് എതിർവശം, എം. ഒ. വാർഡ്, ആലപ്പുഴ | 0477-2262322 |

| | | | |
|---|---|---|---|
| 5 | റീജ്യണൽ എക്സിക്യൂട്ടീവ് | അഡാക്ക് റീജ്യണൽ ഓഫീസ്, സി. സി. 33/3301-എ, ഗായത്രി, വെണ്ണല. പി. ഒ., കൊച്ചി. | 0484-2805479 |

**3. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ഓഫ് ഫിഷർ വുമൺ (സാഫ്)**

| നം | തസ്തിക | വിലാസം | ഫോൺ നമ്പർ |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് ഡയറക്ടർ | ഓഫീസ് ഓഫ് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് (ബ്രാക്കിഷ് വാട്ടർ & ട്രെയിനിംഗ്) കടുങ്ങല്ലൂർ, യു. സി. കോളേജ്. പി. ഒ., ആലുവ - 2 | 0484-2607643 |

**4. ഫിഷറീസ് റിസോഴ്സ് മാമേജ്മെന്റ് സൊസൈറ്റി (ഫിർമ)**

| നം | തസ്തിക | വിലാസം | ഫോൺ നമ്പർ |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് ഡയറക്ടർ | ഫിർമ, ശ്രീഹരി, കൊ. ആർ. എ. 'എ' - 60, റ്റി. സി. - 28/264, ചെട്ടികുളങ്ങര, തിരുവനന്തപുരം | 0471-2574667 |

**5. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ. എ സ്. സി. എ. ഡി. സി)**

| നം | തസ്തിക | വിലാസം | ഫോൺ നമ്പർ |
|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | അദ്ധ്യാപകഭവൻ റോഡ്, തിരുവനന്തപുരം 695001 | 0471-2323363 |

**6. കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ (മത്സ്യഫെഡ്)**

| നം | തസ്തിക | വിലാസം | ഫോൺ നമ്പർ |
|---|---|---|---|
| 1 | ചെയർമാൻ | മത്സ്യഫെഡ് ഹെഡ് ഓഫീസ്, കമലേശ്വരം, തിരുവനന്തപുരം | 0471-2457869 |
| 2 | മാനേജിംഗ് ഡയറക്ടർ | മത്സ്യഫെഡ് ഹെഡ് ഓഫീസ്, കമലേശ്വരം, തിരുവനന്തപുരം | 0471-2457869 |
| 3 | ജനറൽ മാനേജർ | മത്സ്യഫെഡ് ഹെഡ് ഓഫീസ്, കമലേശ്വരം, തിരുവനന്തപുരം | 0471-2457869 |
| 4 | ജില്ലാ മാനേജർ | തിരുവനന്തപുരം | 0471-2331683 |
| 5 | ജില്ലാ മാനേജർ | കൊല്ലം | 0474-2772971 |
| 6 | ജില്ലാ മാനേജർ | ആലപ്പുഴ | 0477-2251597 |
| 7 | ജില്ലാ മാനേജർ | കോട്ടയം | 04829-216180 |
| 8 | ജില്ലാ മാനേജർ | എറണാകുളം | 0484-2232171 |
| 9 | ജില്ലാ മാനേജർ | തൃശ്ശൂർ | 0487-2380414 |
| 10 | ജില്ലാ മാനേജർ | മലപ്പുറം | 0494-2423503 |
| 11 | ജില്ലാ മാനേജർ | കോഴിക്കോട് | 0495-2380344 |
| 12 | ജില്ലാ മാനേജർ | കണ്ണൂർ | 0497-2731257 |
| 13 | ജില്ലാ മാനേജർ | കാസർഗോഡ് | 04994-230176 |

## ***XII.*** പരാതി പരിഹാരം

വകുപ്പിൽ നിന്നോ ഏജൻസികളിൽ നിന്നോ നൽകപ്പെടുന്ന സേവന പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും പരാതിയുാവുകയാണെങ്കിൽ താഴെപ്പറയുന്ന തലങ്ങളിൽ പരാതി നൽകാവുന്നതാണ്.

| ക്രമ നം. | പരാതി ഉത്ഭവിക്കുന്ന സ്ഥലം | പരാതി സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ | അപ്പീൽ |
|---|---|---|---|
| 1 | ഫിഷറീസ് സ്റ്റേഷൻ | ബന്ധപ്പെട്ട ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ | സോണൽ ജോയിന്റ് ഡയറക്ടർ |
| 2 | ജില്ലാ ആഫീസ് | ബന്ധപ്പെട്ട സോണൽ ജോയിന്റ് ഡയറക്ടർ | ഫിഷറീസ് ഡയറക്ടർ |
| 3 | സോണൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസ് | ഫിഷറീസ് ഡയറക്ടർ | ഗവൺമെന്റ് സെക്രട്ടറി (ഫിഷറീസ്) |
| 4 | അഡാക്ക് | എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്ക് | ഫിഷറീസ് ഡയറക്ടർ |
| 5 | ഫിർമ | എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ | ഫിഷറീസ് ഡയറക്ടർ |
| 6 | സാഫ് | എക്സിക്യൂട്ടീവ് ഡയറക്ടർ, സാഫ് | ഫിഷറീസ് ഡയറക്ടർ |
| 7 | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | കമ്മീഷണർ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | ചെയർമാൻ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 8 | മത്സ്യഫെഡ് | മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ് | ചെയർമാൻ, മത്സ്യഫെഡ് |
| 9 | മത്സ്യഭവൻ | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | ഫിഷറീസ് ഡയറക്ടർ |

## XIII. അഭിപ്രായ സർവ്വേ

പൗരാവകാശ രേഖയുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് വകുപ്പിൽ നിന്നും ലഭ്യമാകേ സേവനം ലഭ്യമാകുന്നുേ ാ എന്നറിയാൻ ഞങ്ങൾക്ക് താല്പര്യമു ്. അതിനായി ഓഫീസിൽ നിന്നും ലഭിക്കുന്ന ഫോറം പൂരിപ്പിച്ച് നോഡൽ ഓഫീസർ, പൗരാവകാശ രേഖ, ഫിഷറീസ് വകുപ്പ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുതരുവാൻ താല്പര്യപ്പെടുന്നു.

**പൗരാവകാശ രേഖ – അഭിപ്രായ സർവ്വേ**

**മാതൃകാ ഫോറം**

1. ഫിഷറീസ് വകുപ്പിൽ താങ്കൾ സന്ദർശിച്ച ഓഫീസ് :

2. എന്ത് ആവശ്യത്തിനായിരുന്നു :

3. താങ്കൾക്ക് ലഭിക്കേ സേവനം യഥാവിധി ലഭിച്ചോ? ഇല്ലെങ്കിൽ എന്തു ബുദ്ധിമുട്ടാണ് ഉ ായത്? :

4. താങ്കൾ നേരിട്ടാണോ ഓഫീസിൽ എത്തിയത്? :

5. ആഫീസിൽ നിന്നും സേവനം ലഭിക്കാൻ ഏതെങ്കിലും ഏജന്റിനെ സമീപിക്കേ ി വന്നോ? :

6. ആഫീസ് ജീവനക്കാരിൽ നിന്നും സൗമ്യമായ പെരുമാറ്റ മാണോ ഉ ായത്? ഇല്ലെങ്കിൽ വിശദമായ വിവരം എഴുതു ക. :

7. ഓഫീസ് പ്രവർത്തനത്തെക്കുറിച്ച് താങ്കളുടെ പൊതു അഭി പ്രായം എന്താണ്? :

8. സേവനം മെച്ചപ്പെടുത്താനുള്ള താങ്കളുടെ നിർദ്ദേശം :

പേര്:

വിലാസം:

ഫോൺ നമ്പർ: